**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 715** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്ഥിതി വിവരകണക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീമതി ഒ. എസ്. അംബിക

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ സ്ഥിതി വിവരകണക്ക് അവസാനമായി സർവ്വേ നടത്തിയത് ഏത് വർഷമാണ്;

**<u>മറുപടി:</u>** പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ സ്ഥിതി വിവരകണക്ക് സർവ്വേ അവസാനമായി നടത്തിയത് 2013 ലാണ്. കില, പട്ടികജാതി വികസന വകുപ്പ്, LSGD എന്നിവർ സംയുക്തമായി നടത്തിയ സർവ്വേയാണിത്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപരമായ സ്ഥിതി വിവരകണക്ക് അവസാനമായി സർവ്വേ നടത്തിയത് 2017 ലാണ്.

സർവ്വേ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമാണ് പട്ടികജാതി വകുപ്പിലെ വിവിധ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക-ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേയുടെ റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ല.

**(ബി)** സർവ്വേ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത വിഭാഗങ്ങൾ ഇപ്പോഴും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 2026-27 വർഷം ആരംഭിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി -

പട്ടികജാതി വിഭാഗത്തിലെ വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനും സുസ്ഥിര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ആവിഷ്കരിച്ച മേൽ പദ്ധതി സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2. പഞ്ചമി ഗ്രാമം പദ്ധതി -

സംസ്ഥാനത്തെ അസംബ്ലി നിയോജക മണ്ഡലങ്ങളിൽ 15 കുടുംബങ്ങളിൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് 3 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പഞ്ചമി ഗ്രാമം വികസന പദ്ധതിയിൽ ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിൽ എം. എൽ. എ മാർ ശിപാശ ചെയ്യുന്ന പരമാവധി രണ്ടു ഉന്നതികളെ വരെ ഉൾപ്പെടുത്തി ഓരോ ഉന്നതിയുടെയും വികസന പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിക്കുന്നു.

3. കെ-ബിസ്സ് - പട്ടികജാതി സംരഭകത്വ മിഷൻ -

പട്ടികജാതിക്കാർക്കിടയിൽ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, ഒരു കൂട്ടം വിജയികളായ സംരംഭകരെ സൃഷ്ടിക്കുന്നതിനുമായി വ്യവസായ വകുപ്പുമായി സംയോജിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതി, സംരംഭകത്വ വികസന പരിപാടി, സംരംഭ വികസനത്തിനുള്ള സാമ്പത്തിക സഹായം എന്നീ രണ്ട് ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നു.

4. വനിതാ സമൃദ്ധി-സ്ത്രീ ശാക്തീകരണ പരിപാടി -

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ അംഗങ്ങളാക്കി സൂക്ഷ്മ സംരംഭങ്ങളോ സ്വയംതൊഴിൽ സംരംഭങ്ങളോ ആരംഭിക്കുന്നതിനും, SHG അംഗങ്ങളുടെ നിലവിലുള്ള സംരംഭങ്ങൾക്ക് സഹായകരമാകുന്ന വായ്പകൾ നൽകുന്നതിനുമുള്ള പദ്ധതി.

5. പട്ടികജാതി സഹകരണ സംഘങ്ങളുടെ നവീകരണം -

സംസ്ഥാനത്തെ പട്ടികജാതി സഹകരണ സംഘങ്ങളെ കാര്യക്ഷമവും ലാഭകരവുമാക്കുന്നതിനായി അവയെ പുനരുജ്ജീവിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും അതുവഴി പട്ടികജാതിക്കാർക്ക് സുസ്ഥിരമായ വരുമാനവും ഉപജീവന മാർഗ്ഗങ്ങളും ഉറപ്പാക്കാൻ ആവിഷ്കരിച്ച പദ്ധതി.

**സെക്ഷൻ ഓഫീസർ**